പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 906 — 05.03.2018- ൽ മറുപടിക്ക്

**കുറ്റ്യാടി ബൈപാസ് നിർമ്മാണം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ കുറ്റ്യാടി ബൈപാസ് നിർമ്മാണം സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;<br>(ബി) ഈ പദ്ധതിയുടെ ഭരണാനുമതി, ബജറ്റ് വിഹിതം എന്നിവ സംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കുമോ;<br>(സി) നിർമ്മാണ പ്രവൃത്തിക്ക് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്എന്ന റിയിക്കാമോ;<br>(ഡി) നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും അതിനുമുമ്പ് ചെയ്തു തീർക്കേണ്ട കാര്യങ്ങൾ എന്തൊക്കെയെന്നുമുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും (ഡി) യും | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ കുറ്റ്യാടി ബൈപാസ് നിർമ്മാണം 2016-17-ലെ ബഡ്ജറ്റിൽ കിഫ്ബിയിലുൾപ്പെടുത്തിയിരുന്നു. 27.09.2016-ലെ സ.ഉ (സാധാ) നം.1324/2016/പൊ.മ.വ പ്രകാരം ഈ പ്രവൃത്തിക്ക് 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, പ്രവൃത്തിയുടെ നടത്തിപ്പിനായി റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു. സ്ഥലമെടുക്കാൻ അനുവാദം കിട്ടിയിട്ടില്ല. |

സെക്ഷൻ ഓഫീസർ